LIBRARY ARCHIVES Kerala Legislative Assembly

റുബല്ല രോഗത്തോട് സാമ്യമുള്ള വൈറസ് രോഗം

25 (8085) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുട്ടികളിൽ കണ്ടുവരുന്ന റുബല്ല രോഗത്തോട് സാമ്യമുള്ള വൈറസ് രോഗം വ്യാപകമായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്ന ഈ രോഗം സ്ഥിരീകരിക്കാനും ചികിത്സ നൽകാനും കഴിയുന്നില്ലെന്നുള്ളത് ശരിയാണോ ; എങ്കിൽ ഈ രോഗം പടരുന്നതിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കുട്ടികളിലും മുതിർന്നവരിലും ഗർഭിണികളിലും ഈ രോഗം എങ്ങനെയെല്ലാം ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കുട്ടികളിൽ കണ്ടുവരുന്ന റുബെല്ലാ രോഗത്തോട് സാമ്യമുള്ള രോഗത്തെപ്പറ്റി ജൂൺ 28-ാം തീയതിയിലെ മലയാള മനോരമ പത്രത്തിൽവന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം വിശദമായ അന്വേഷണം നടത്തുകയും അത്തരത്തിലുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്ന നിഗമനത്തിലെത്തുകയും ചെയ്തു.

(ബി & സി) ബാധകമല്ല.

ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

26 (T8086) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് സിവിൽ സപ്ലൈസ് മുഖാന്തിരം വിതരണം ചെയ്യുന്ന അരി, പലവ്യഞ്ജനം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) പുഴു, പാറ്റ, കീടങ്ങൾ എന്നിവയുള്ള അരി വിതരണത്തിനായി എത്തുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.